# പാഠം 22

# യിസഹാക്ക്

**വേദഭാഗം** : ഉല്പത്തി. 17, 21,, 22, 24

**തങ്കവാക്യം** : ഗലാത്യർ. 4:28

*നാമോ സഹോദരന്മാരേ, യിസ്ഹാക്കിനെപ്പോലെ വാഗ്ദത്താൽ ജനിച്ച മക്കളാകുന്നു.*

**പാഠം**

യേശു ക്രിസ്തുവും യിസഹാക്കും ജനനത്തിനുമുമ്പേ ദൈവത്താൽ വാഗ്ദത്തം ചെയ്യപ്പെട്ടിരുന്നു. യേശുക്രിസ്തുവിന്റെ ജനനത്തെക്കുറിച്ച് ഉല്പത്തി. പുസ്തകത്തിൽ തുടങ്ങി മിക്ക പുസ്തകങ്ങളിലും പരാമർശം ഉണ്ട്. സ്ത്രീയുടെ സന്തതി, കന്യകയുടെ സന്തതി, ദാവീദിന്റെ സന്തതി, യഹൂദയുടെ സന്തതി, ബേത്‌ലഹേമിൽ ജനിക്കും എന്നിങ്ങനെ യേശുക്രിസ്തുവിന്റെ ജനനവിവരണങ്ങൾ എല്ലാം സംഭവിച്ചത് പ്രവചനാനുസൃതമായിട്ടാണ്. യിസഹാക്കിന്റെ ജനനത്തെക്കുറിച്ച് ദൈവം അബ്രഹാമിനോട് മുൻ കൂട്ടി പല തവണ അറിയിച്ചിരുന്നു. ദൂതനും പ്രത്യക്ഷനായി മാതാപിതാക്കളോ ടു ജനനവിവരം മുൻകൂട്ടി അറിയിച്ചിരുന്നു. അങ്ങനെ അവരെ സംബന്ധിച്ച് വാഗ്ദത്തം ചെയ്തതിന്റെ നിവൃത്തിയായിരുന്നു ജനനം. അതുകൊണ്ട് അവരെ വാഗ്ദത്ത സന്തതികൾ എന്നു വിശേഷിപ്പിക്കാം.

മറിയ എന്ന കന്യകയെ വിവാഹം കഴിപ്പിക്കുന്നതിനു മുമ്പാണ് ദൈവാത്മാവിൽ യേശു എന്ന ശിശു അവളിൽ ഉത്ഭവിച്ചത്. ഇതു വരെ ലോകത്തിൽ സംഭവിച്ചിട്ടില്ലാത്ത അത്ഭുതമാണ് യേശുവിന്റെ ജനനം. അബ്രാഹാമിനു നൂറു വയസ്സും സാറായ്ക്ക് തൊണ്ണൂറു വയസ്സും ഉള്ളപ്പോ

# Lesson 22

# ISAAC

**Scripture** : Genesis 17, 21, 22, 24

**Memory Verse** : Gala. 4:28

*Now you, brothers and sisters, likes Isaac, are children of promise.*

**Lesson**

There are many good symbolisms in the life of Isaac to understand Jesus. We are studying four important things among them

**1. Both Jesus and Isaac were promised before birth**

Both Jesus and Isaac were promised by God even before they were born. There are many verses referring to the birth of Jesus all throughout the Bible starting from Genesis. The details of Jesus' birth like son of woman, son of David, son of a virgin, son of Jews, and Bethlehem as birthplace is all prophesied by the Old Testament prophets. God told Abraham on many occasions about the birth of Isaac. An angel of the Lord came and foretold to Mary about the birth of her son. Thus their births were a fulfillment of the prophecies about them. They could be called as promised sons.

**ഫോക്കസ് / FOCUS**

**ക്രിസ്തുവിന് സദൃശ്യനായ യിസഹാക്കിലൂടെ യേശുവിൽ വിശ്വസിക്കുക.**

**Believe in Jesus who is symbolized in Isaac**

ഴാണ് യിസഹാക്ക് ജനിച്ചത്. ഇത്രയും പ്രായാധിക്യത്തിൽ ആർക്കും തന്നെ കുഞ്ഞുങ്ങൾ ജനിച്ചിട്ടില്ല. അതും അത്ഭുതമാണ്.

യേശുവിന്റെ ജനനത്തെക്കുറിച്ച് ഗബ്രിയേൽ ദൂതൻ പ്രസ്താവിച്ചത് അത് എല്ലാ മനുഷ്യർക്കും മഹാസന്തോഷം ഉളവാക്കുന്ന വിഷയമാണത്രേ. യേശു ലോകത്തിന്റെ സന്തോഷകാരണനാണ്. ലോകം ദു:ഖംമാത്രം നിത്യമായി നൽകുമ്പോൾ യേശു നിത്യസന്തോഷം എല്ലാവർക്കും പ്രദാനം ചെയ്യുന്നു. യേശുവിനെ രക്ഷിതാവായി സ്വീകരിച്ചവരാണു സൗഭാഗ്യവാന്മാർ. കുഞ്ഞുങ്ങളെ നിങ്ങൾ യേശുവിൽ സന്തോഷമുള്ളവരാണോ? യിസഹാക്കിന്റെ ജനനവും എല്ലാവർക്കും വളരെ സന്തോഷമുണ്ടാക്കി. യിസഹാക്ക് എന്ന പേരിന്റെ അർത്ഥം തന്നെ ചിരി (സന്തോഷം) എന്നാണ്. നാമും മറ്റെല്ലാവർക്കും സന്തോഷം ദാനം ചെയ്യുന്നവരായിരിക്കണം.

യേശു തന്റെ സ്വന്തജനമായ യഹൂദന്മാരുടെ ഉദ്ധാരകനായും സ്നേഹിതനായും വന്നു. അവരുടെ വർഗ്ഗത്തിലും ആചാരാനുഷ്ഠാനങ്ങളിലും രീതി മര്യാദകളിലും വിധേയനായി അവതാരമെടുത്തു. എന്നാൽ സ്വന്തജനമായിരുന്ന യഹൂദജനത യേശുവിനെ പുറന്തള്ളി ക്രൂശിച്ചു കളഞ്ഞു. യിസഹാക്ക് തന്റെ സഹോദരനായിരുന്ന (അബ്രഹാമിന് ഹാഗറിൽ ജനിച്ച പുത്രൻ ) യിശ്മായേലിൽ നിന്നും നിരവധി പീഢനങ്ങൾ സഹിക്കേണ്ടിവന്നു. അതുകൊണ്ടും അടുത്ത പിതാവായ അബ്രഹാം ദാസീപുത്രനായ യിശ്മായേലിനെ വീട്ടിൽ നിന്നും ഇറക്കിവിടേണ്ടി വന്നു.

സ്വന്ത ജീവനെക്കാൾ പിതാവിന്റെ ഹിതം അനുസരിപ്പാൻ യേശു തയ്യാറായിരുന്നു. എത്ര ഉദാത്തമായ അനുസരണം. കുഞ്ഞുങ്ങളെ, ഈ അബ്രഹാമിനോട് നമുക്ക് മാതൃകയായിരിക്കേണ്ടത് അബ്രഹാമിനോട് വാഗ്ദത്ത പുത്രനായ യിസഹാക്കിനെ മോറിയാമലയിൽ കൊണ്ടുപോയി യാഗം കഴിക്കണമെന്ന് ദൈവം അരുളി ചെയ്തു. അതനുസരിച്ച് അബ്രഹാം ഇഷ്ടപുത്രനായ യിസഹാക്കിനെ ബലിയർപ്പിക്കുവാൻ തയ്യാറായപ്പോൾ അതിനു യിസഹാക്ക് പൂർണ്ണമായി അനുസരിക്കുകയാണ് ചെയ്തത്. എന്നാൽ അബ്രഹാമിന്റെയും യിസഹാക്കിന്റേയും അനുസരണത്തിൽ സന്തുഷ്ടനായ ദൈവം യിസഹാക്കിനുപകരം ഒരാടിനെ ബലിയർപ്പിക്കുവാൻ

## 2. Miraculous birth

Jesus was born through the Holy Spirit in the womb of the virgin girl Mary, before she got married. The birth of Jesus was a miracle that the world has never seen. Isaac was born when Abraham was 100 years old and Sarah was 90. No one had given birth at such an old age. It was a miracle.

### 3. Gives joy to others

The angel Gabriel proclaimed that the birth of Jesus would bring good news of great joy to all peoples. While the world gives sorrow, Jesus gives us everlasting joy. Blessed are those who have accepted Jesus into their life as Savior. Children, are you happy in the Lord? The birth of Isaac also brought joy to his family. The meaning of the name Isaac means ‘laughter’. We should also give joy and happiness to others around us.

### 4. Persecutions from own people

Jesus came as the redeemer and friend of the Jewish people. He took an incarnation among them following their beliefs, customs and traditions. But the Jews rejected Jesus and hung Him on the cross. Isaac had to suffer much from his elder half-brother Ishmael. Abraham was very perturbed about this matter and sent Hagar and Ishmael out of their community.

### 5. Obedience

Jesus was always willing to do the will of the Father. It was an exemplary obedience. Children, we need to follow these qualities of Abraham. God told Abraham to sacrifice his promised son Isaac on Mount Moriah. When Abraham decided to obey God’s command, his beloved son Isaac obediently submitted to his father. God was pleased with the obedience of

അവസരം ഉണ്ടാക്കി. കുട്ടികളേ, നമ്മുടെ എല്ലാ അനുഗ്രഹങ്ങൾക്കും അത്യാവശ്യമായിരിക്കുന്നത് അനുസരണമാണ്. ദൈവത്തിന് അനുസരണം യാഗത്തേക്കാൾ പ്രധാനമാണ്.

യേശു ക്രിസ്തു നമുക്കായി മരിച്ചതു നമ്മോടുള്ള അതിരറ്റ സ്നേഹത്തിന്റെ തെളിവാണ്. ഒരു മണവാളൻ തന്റെ മണവാട്ടിയെ എന്ന പോലെ യേശു കർത്താവ് നമ്മെ സ്നേഹിക്കുകയും കരുതുകയും ചെയ്യുന്നു. അതുകൊണ്ട് യേശു നമ്മുടെ ആത്മമണവാളനും നാം അവന്റെ മണവാട്ടിയുമാണ്. പിതാവായ ദൈവം പുത്രനായ ക്രിസ്തുവിനുവേണ്ടി ഒരു കന്യകയെ സ്വീകരിപ്പാൻ പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥനെ അയച്ചു. നമ്മെ ദിവസേന ആ മണവാളനായി ശക്തീകരിച്ച് മഹത്വീകരിച്ച് തേജസ്സീകരിച്ച് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. യിസഹാക്കിനും വിവാഹപ്രായമായപ്പോൾ ഒരു ഉത്തമ മണവാട്ടിയെ കണ്ടുപിടിച്ച് ഒരുക്കി അലങ്കരിച്ചുകൊണ്ടു വരുവാൻ കാര്യസ്ഥനായ എലയാസറിനെ അബ്രഹാം അയച്ചു. റിബേക്ക എന്ന കന്യകയെ കണ്ടുപിടിച്ചു എലയാസർ യിസഹാക്കിന്റെ വീട്ടിലേക്കു കൊണ്ടു വന്നു. അവളെ യിസഹാക്ക് സന്തോഷത്തോടെ ഭവനത്തിലേക്കു കൊണ്ടുപോയി. ഇതു നമ്മുടെ കർത്താവിന്റെ വരവിനും നമ്മുടെ സ്വീകരണത്തിനും സദൃശ്യമാണ്. യേശു കർത്താവ് നമ്മെ തന്റെ മണവാട്ടിയായി സ്വർഗ്ഗത്തിലേക്കു കൊണ്ടുപോകാൻ വേഗം വരും. ഇങ്ങനെ യേശു ക്രിസ്തുവുമായി യിസഹാക്കിനു നിരവധി സാദൃശ്യങ്ങൾ ഉണ്ട്.

Abraham and Isaac and decided to provide a ram for the sacrifice. Children, we need to have obedience to receive the blessings of God. Obedience is more important to God than sacrifice.

**6. Bride**

The essence of God's love is seen in Jesus' death on the cross for us. Jesus loves and cares for us just as a bridegroom does for his bride. Therefore, Jesus is our spiritual bridegroom and we are His bride. God the father sent Holy Spirit to prepare a bride for his son Jesus Christ. We are prepared daily for the bridegroom through impartation of God's strength and His glory. Abraham sent his servant Eleazer to find a bride for Isaac and to prepare her and make her ready. Eleazer found the virgin Rebekah and brought her to Isaac to his home. Isaac took her to his chambers with great joy. This event symbolizes the coming of our Lord and the welcome we receive. Jesus is coming soon to take us, His bride to heaven. There are many similarities between Isaac and Jesus Christ.

## പ്രവൃത്തി പരിചയം / WORK EXPERIENCE

### I. വിദ്യാർഥികളുമായി ചർച്ച ചെയ്യുക. Discuss with the students

1. യിസഹാക്കിന്റെ ജീവിതത്തിൽ നിന്നും നമുക്കു അനുകരണീയമായ ഗുണവിശേഷങ്ങൾ ഓരോ കുട്ടികളും കണ്ടുപിടിക്കുക. Let each child find out good qualities in Isaac that we can follow.
2. ക്രിസ്തുവിന്റെ ജനനം കേവലം യാദൃശ്ചികമല്ലായിരുന്നു സംവാദം നടത്തുക? Debate on the topic: The birth of Jesus was not a coincidence.
3. ക്രിസ്തു വാഗ്ദത്ത മശിഹാ എന്നും സഭ ക്രിസ്തുവിന്റെ കാന്ത എന്നും എങ്ങനെ മനസിലാക്കാം. How can we understand that Christ is the promised Messiah and the church is the bride of Christ?

**III.** യേശുവും യിസ്ഹാക്കും തമ്മിലുള്ള സാദൃശ്യങ്ങളുടെ ചാർട്ട് തയ്യാറാക്കുക. Prepare a chart of the similarities between Jesus and Isaac.

| **യേശു Jesus** | **യിസ്ഹാക്ക് Isaac** |
| --- | --- |
| | |

**IV.** വഴി കണ്ടുപിടിക്കുക. Find the way.

